**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- നോൺഗ്യാലന്ററി പുരസ്ക്കാര ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് – പരം വിശിഷ്ട സേവാ മെഡൽ നേടിയ ശ്രീ.എം.ശബരി ഗിരീശ മേനോൻ – ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(സാധാ)നം.15/2022/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം: 16.03.2022**

---

പരാമർശം :- 1) 26.08.17 ലെ സ.ഉ (എം.എസ്)നം.279/17/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2) സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്) ന്റെ 30.12.2021 ലെ ബി6/88082/Non GA/2021/ഡി.എസ്.ഡബ്ല്യൂ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിവിധ നോൺ ഗ്യാലന്ററി പുരസ്ക്കാര ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡിന് അർഹതയുള്ളതാണ്.

**2.** അതിൻപ്രകാരം, പരം വിശിഷ്ട സേവാ മെഡൽ ജേതാവ് എയർ മാർഷൽ (റിട്ട) മൊതലംപേട്ട് ശബരി ഗിരീശ മേനോൻ സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡ് അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയും അനുബന്ധ രേഖകളും സൈനികക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരം വിശിഷ്ട സേവാ മെഡൽ ജേതാവ് റിട്ടയേർഡ് എയർ മാർഷൽ മൊതലംപേട്ട് ശബരി ഗിരീശ മേനോൻ, ഐശ്വര്യ, മൊതലംപേട്ട് ഹൗസ്, വെസ്റ്റ് പെരുവമ്പ, പാലക്കാട്– 678 531 – ന്

പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് തുകയായ **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

**4.** ഇതിനാവശ്യമായ തുക 2075-00-800-94 കണക്കിനത്തിൽ അനുവദിച്ചിട്ടുള്ള 50,00,000/- രൂപയിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയശ്രീ.എം**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. എയർ മാർഷൽ (റിട്ട) മൊതലംപേട്ട് ശബരി ഗിരീശ മേനോൻ, ഐശ്വര്യ, മൊതലംപേട്ട് ഹൗസ്, വെസ്റ്റ് പെരുവമ്പ, പാലക്കാട്- 678 531.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ &ഇ ), കേരള തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ